**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3754** **09-10-2025 - ൽ മറുപടിയ്ക്ക്**

**യു. ജി. സി. ഏഴാം ശമ്പള പരിഷ്കരണ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണത്തെ തുടർന്ന് ജനുവരി 2016 മുതൽ മാർച്ച് 2019 വരെയുള്ള ശമ്പളക്കുടിശിക കോളേജ് അദ്ധ്യാപകരുടെ പി. എഫ്.-ൽ ലയിപ്പിക്കുമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിന് ശേഷവും പ്രസ്തുത കുടിശിക അനുവദിയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; ഈ കാലയളവിലെ കുടിശിക ജീവനക്കാരുടെ പി.എഫ്.ലേക്ക് ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ കോളേജ്/സർവകലാശാല അധ്യാപകർക്കുള്ള യു.ജി.സി ഏഴാം ശമ്പള പരിഷ്കരണ പദ്ധതിയിൽ ലഭിക്കേണ്ട കേന്ദ്ര വിഹിതം പ്രതിപൂരണ വ്യവസ്ഥ പ്രകാരം ഉള്ളതായിരുന്നു.<br><br>2016-19 വർഷങ്ങളിലെ കുടിശ്ശിക കേരളത്തിലെ കോളേജ്, യൂണിവേഴ്സിറ്റി അധ്യാപകർക്ക് വിതരണം ചെയ്തിട്ടില്ല. യു.ജി.സി യുടെ ഏഴാം ശമ്പള പരിഷ്കരണപ്രകാരമുള്ള കുടിശ്ശികയുടെ 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള തീയതിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്നത് 31/03/2019 ആയിരുന്നു. പ്രസ്തുത തീയതി 31/03/2022 വരെ നീട്ടി നൽകുകയുണ്ടായി. കേരള സർക്കാർ സമയ പരിധിയ്ക്കുള്ളിൽ കൃത്യമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ 27/07/2022 ലെ കത്ത് പ്രകാരം 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിത പദ്ധതി 01/04/2023 മുതൽ നിർത്തലാക്കിയതായി കേരള സർക്കാരിനെ അറിയിച്ചു.<br><br>യു.ജി.സി ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തുക അനുവദിക്കാവുന്നതാണ്. |
| (ബി) | കുടിശികത്തുക അനുവദിയ്ക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; കുടിശികത്തുക അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സർവീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിവേദനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുണ്ടോ; നിവേദനങ്ങളും കേസ് | (ബി) | ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തുക അനുവദിക്കുന്നതാണ്.<br><br>യുജിസി കുടിശ്ശിക വിതരണവുമായി ബന്ധപ്പെട്ട് വിവിധ സർവ്വീസ് സംഘടനകളിൽ നിന്നും നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് |

| | | | |
|---|---|---|---|
| | നമ്പരും വേർതിരിച്ച് നൽകുമോയെന്ന് വ്യക്തമാക്കുമോ; | | പ്രിൻസിപ്പൽ സെക്രട്ടറി കക്ഷിയായിട്ടുള്ള ചില കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) WP(C) No.30281/2021 filed by C.D Varghese & others<br><br>2) WP(C) No.30793/2021 filed by Bino Thomas & others<br><br>3) WP(C) No.30329/2021 filed by Dr. Hasma K K & others<br><br>4) WP(C) No.11894/2022 filed Dr. Babu Joseph &others<br><br>5) WP(C) No. 11549/2022 filed by Imbichikoya & others.<br><br>6) WP(C)No.3998/2025 filed by Dr. Gopakumar B & others<br><br>7) WP(c)No 30071/2023 filed by Dr. Jolly Jacob & others<br><br>8) WP(C) No. 14615/2025 filed by The Kerala Private College Teachers Association<br><br>കുടിശ്ശിക തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ കേസുകളിലെ വിധി നടപ്പാക്കിക്കൊണ്ട് 05.04.2023-ലെ സ.ഉ(സാധാ)നം.512/2023/ ഉ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (സി) | എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ തന്നെ കുടിശിക അനുവദിയ്ക്കാൻ സാധിക്കുമോ; നഷ്ടപ്പെട്ട കേന്ദ്ര സഹായത്തിനുപകരം ഏത് ബദൽ സംവിധാനം ഉപയോഗിച്ചാണ് കുടിശിക തീർക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തുക അനുവദിക്കുന്നതാണ്.<br><br>യുജിസി കുടിശ്ശിക വിതരണവുമായി ബന്ധപ്പെട്ട് വിവിധ സർവ്വീസ് സംഘടനകളിൽ നിന്നും നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കക്ഷിയായിട്ടുള്ള ചില കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) WP(C) No.30281/2021 filed by C.D Varghese & others<br><br>2) WP(C) No.30793/2021 filed by Bino Thomas & others<br><br>3) WP(C) No.30329/2021 filed by Dr. Hasma K K & others |

| | | | |
|---|---|---|---|
| | | | 4) WP(C) No.11894/2022 filed Dr. Babu Joseph &others<br><br>5) WP(C) No. 11549/2022 filed by Imbichikoya & others.<br><br>6) WP(C)No.3998/2025 filed by Dr. Gopakumar B & others<br><br>7) WP(c)No 30071/2023 filed by Dr. Jolly Jacob & others<br><br>8) WP(C) No. 14615/2025 filed by The Kerala Private College Teachers Association<br><br>കുടിശ്ശിക തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ കേസുകളിലെ വിധി നടപ്പാക്കിക്കൊണ്ട് 05.04.2023-ലെ സ.ഉ(സാധാ)നം.512/2023/ഉ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ